# ഇസ്‌ലാമിലെ നീതിന്യായം

● ഖാലിദ് മൂസാ നദ്‌വി

**ഖുർആനും** സുന്നത്തും മനുഷ്യജീവിതത്തിൽ എങ്ങനെ നടപ്പാക്കാം എന്ന ചോദ്യത്തിന്റെ ഉത്തരമാണ് 'ശരീഅത്ത്'. നിയമമാണ് ശരീഅത്തിന്റെ അടിത്തറ. ശരീഅത്ത് മുഴുവനും നീതിയാണ്. നീതിയിൽനിന്ന് അനീതിയിലേക്ക് വഴുതിപ്പോയ യാതൊരു നിയമവും, വ്യാഖ്യാനിച്ചുകൊള്ളിച്ചാലും ശരീഅത്തിൽ കൊള്ളുകയില്ലെന്ന് ഇമാം ഇബ്നുൽ ഖയ്യിം നിരീക്ഷിച്ചിട്ടുണ്ട്.

നീതിയുടെ പ്രയോഗവത്കരണത്തിന് ആവശ്യമായ ഭേദഗതികൾ ശരീഅത്തിൽ വന്നുകൊണ്ടേയിരിക്കണം. നീതിയുടെ സാക്ഷാത്കാരം സാധിക്കുംവിധം ശരീഅത്തിന് വികാസക്ഷമതയുണ്ടാവണം; അഥവാ ഉണ്ട്. 'കാലപരിവർത്തനം കൊണ്ടുണ്ടാവുന്ന നിയമപരിവർത്തനത്തെ നിഷേധിച്ചുകൂടാ' എന്ന തത്ത്വം ഏറെ ശ്രദ്ധേയമാണ്. കാലമാറ്റം വഴി നിയമമാറ്റം സാധ്യമാണ് എന്നതിന്റെ ഏറ്റവും നല്ല തെളിവ് ഇമാം ശാഫിഈയുടെ ഗവേഷണങ്ങളാണ്. അദ്ദേഹം ഇറാഖ് വിട്ട് ഈജിപ്തിൽ ചെന്നപ്പോൾ പല അഭിപ്രായങ്ങളും മാറ്റുകയും പുതിയൊരു വീക്ഷണം രൂപം കൊള്ളുകയും ചെയ്തു.

നീതിയുടെ താൽപര്യം കാലാനുസൃതം നിയമം മാറ്റൽ മാത്രമല്ല, കാലം സൃഷ്ടിക്കുന്ന അനീതിയെ നിയമം കൊണ്ട് ചെറുക്കലും കൂടിയാണ്. ഫലം കായ്ക്കുന്ന മരച്ചുവട്ടിലും വഴിയോരങ്ങളിലും കെട്ടിനിൽക്കുന്ന ജലാശയങ്ങളിലും കുളിക്കടവുകളിലും വിസർജിക്കരുത് എന്ന നിയമം പരിസ്ഥിതി മലിനീകരണത്തിനെതിരായ ഉത്തരവുകളായി വികസിക്കേണ്ടതുണ്ട്. വെള്ളവും വായുവും മലിനമാക്കുന്ന ഫാക്ടറികൾ അപ്പോഴാണ് 'ഹറാം' ആയിത്തീരുക. 'വെള്ളം പാഴാക്കാതിരിക്കുക' എന്ന പ്രവാചകകൽപന നമുക്ക് ജലസംരക്ഷണ നിയമമാക്കി പരിവർത്തിപ്പിക്കണം. വയൽനികത്തി ഫാക്ടറി പണിയുന്നവർ മഴവെള്ളം പാഴാക്കി വരൾച്ച സൃഷ്ടിക്കുന്നവർ കൂടിയാണ്. ജലസുരക്ഷയെ ബാധിക്കുംവിധം വയൽ നികത്തുന്നത് ശരീഅത്തിൽ 'ഹറാം' ആയി സ്ഥാനം പിടിക്കേണ്ടതുണ്ട്. 'ജലവും തീയും വിറകും പൊതുസ്വത്താണ്' എന്ന പ്രവാചകപ്രഖ്യാപനം കൊണ്ട് പുതിയ നാഗരികതയുടെ പണാധിപത്യ സംസ്കാരത്തെ ചെറുക്കുന്ന, സ്വകാര്യവത്കരണ മുന്നേറ്റത്തെ പിടിച്ചുകെട്ടുന്ന നിയമങ്ങൾ ആവിഷ്കരിക്കപ്പെടണം. കുപ്പിവെള്ളത്തെയും പുഴ വിൽപനയെയും കുറിച്ചുള്ള 'ബാബു'കൾ ശരീഅത്തിലും ഫിഖ്ഹിലും കടന്നുവരേണ്ടതുണ്ട്.

'സ്ത്രീകൾ രണ്ടു വർഷം മുലയൂട്ടണം' എന്നത് ശരീഅത്തിന്റെ മാറ്റമില്ലാത്ത നിയമമാണ്. കാലമാറ്റം മുലയൂട്ടലിനോട് ഒരുതരം അലർജി സൃഷ്ടിക്കുന്നുണ്ട്. ഇവിടെ മാറേണ്ടത് ശരീഅത്തല്ല,കാലം സൃഷ്ടിച്ച കാലക്കേടാണ്. ഇത്തരം സന്ദർഭങ്ങളിൽ കാലത്തെ ചോദ്യം ചെയ്തുകൊണ്ട് ശരീഅത്തിനെ നിലനിർത്തലാണ് മനുഷ്യധർമം.

ഖുർആനിനും സുന്നത്തിനും ഒപ്പം പൊതുനന്മയും നിയമനിർമാണത്തിലും നിയമനിർവഹണത്തിലും പരിഗണിക്കപ്പെടണം. ഒരു നിയമം പൊതുനന്മയുമായി ഇടഞ്ഞാൽ പൊതുനന്മക്കായിരിക്കണം മുൻതൂക്കം. ഉമറുൽ ഫാറൂഖിന്റെ പല വിധികളിലും പൊതുനന്മയുടെ പ്രകാശനം നമുക്ക് കാണാവുന്നതാണ്. നാട്ടിൽ പട്ടിണി പെരുകിയപ്പോൾ കട്ടവന്റെ കൈമുറിക്കേണ്ടതില്ലെന്ന നിലപാടായിരുന്നു ഉമറിന്. കട്ടവന്റെ കൈ വെട്ടണം എന്ന ഖുർആൻ സൂക്തം നിലനിൽക്കെത്തന്നെ ഉമർ ചെയ്തതാണ് നീതി. ലക്ഷ്യം ഗ്രഹിക്കാതെ നിയമം നടപ്പിലാക്കിയാൽ ആ നിയമം അനീതിയെ പ്രസവിക്കും. ആധുനിക കോടതികൾ പലപ്പോഴും സാമൂഹികനീതിയെ അവഗണിച്ച് നിയമത്തിന്റെ ചട്ടക്കൂട് സംരക്ഷിക്കുന്ന നിലപാട് എടുക്കാറുണ്ട്. പ്ലാച്ചിമട കേസിലും സ്വാശ്രയ കേസിലും നമ്മുടെ കോടതികൾ നീതിയുടെ പക്ഷത്തായിരുന്നില്ല, മറിച്ച് നിയമത്തിന്റെ പക്ഷത്തായിരുന്നു.

വിവാഹത്തിൽ മഹ്ർ സ്ത്രീയുടെ അവകാശമാണ്. സ്ത്രീധനമാകട്ടെ മഹ്റിന്റെ നിഷേധവും. ഇവിടെ പുതിയ നിയമനിർമാണം തന്നെ നടക്കേണ്ടതുണ്ട്. സ്ത്രീധനം ഹറാമാണെന്നും ഹറാമായ ഉപാധിയുള്ള ശർഈ കാര്യം സാധുവായിത്തീരില്ലെന്നും ഫത്‌വ പറയണം (ശർഈ ബാധ്യതയുടെ പൂർത്തീകരണത്തിന് ഹറാമിനെ ശർത്വായി നിശ്ചയിക്കുകയാണ് സ്ത്രീധന വിവാഹത്തിൽ ചെയ്യുന്നത്). 'സ്ത്രീധന നിരോധനനിയമം' വഴി 'സെക്യുലർ ശരീഅത്തി'ലുണ്ടായ വികാസം പോലും ഈ രംഗത്ത് ഇസ്‌ലാമിക ശരീഅത്തിലുണ്ടായിട്ടില്ല. 100 പവൻ സ്ത്രീധനവും 10 പവൻ മഹ്റും നിശ്ചയിച്ചുറപ്പിച്ച നികാഹിൽ മഹ്റെവിടെ എന്ന് ഖാദി ചോദിക്കേണ്ടതുണ്ട്. മഹ്റ് പെണ്ണിന്റെ സാമ്പത്തികമായ നിർബന്ധ വിഹിതമാണ്. അത് നാമമാത്രമായിത്തീർന്നിരിക്കുന്ന പുതിയ ചുറ്റുപാടിൽ കാലത്തിന് ചേരുംവിധം മഹ്റിന് ചട്ടക്കൂട് ഉണ്ടാക്കാനും അത് നിയമപരമായിത്തന്നെ സ്ത്രീകൾക്ക് ലഭ്യമാവുന്നതിന് വ്യക്തിനിയമത്തിൽ പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെടുത്താനും കഴിയണം. മഹല്ല് സംവിധാനത്തിൽ മഹ്റ് ഖാദി മുഖാന്തിരം പെണ്ണിന് കൈമാറുന്ന വ്യവസ്ഥ ഇസ്‌ലാമിക സമൂഹത്തിന് നടപ്പാക്കാവുന്നതാണ്.

## കുറ്റവും ശിക്ഷയും ഇസ്‌ലാമിക നോട്ടത്തിൽ

വ്യക്തിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന ദർശനമാണ് ഇസ്‌ലാം. ജീവിക്കാനുള്ള വ്യക്തിയുടെ അവകാശത്തെ കവർന്നെടുക്കാൻ സമൂഹത്തിന് അധികാരമില്ല. വ്യക്തിയുടെ അവകാശവും സമൂഹത്തിന്റെ അവകാശവും നീതിയുടെ ത്രാസിലിട്ട് തൂക്കുകയാണ് ഇസ്‌ലാം. കുറ്റത്തിന്റെയും ശിക്ഷയുടെയും മൂല്യനിർണയത്തിൽ വ്യക്തിയെയും സമൂഹത്തെയും സന്തുലിതമായി നിർവചിക്കുന്ന സമഗ്ര വീക്ഷണം ഇസ്‌ലാമിനുണ്ട്. നമ്മുടെ നാട്ടിലെ വധശിക്ഷാവിരുദ്ധ പ്രസ്ഥാനം ഈ സമഗ്രവീക്ഷണത്തിന്റെ അഭാവത്തിൽ രൂപംകൊണ്ടതാണ്. 'കുറ്റവാളിയുടെ ജീവന്' മുൻതൂക്കം നൽകലാണ് വധശിക്ഷാവിരുദ്ധ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയം. ഇസ്‌ലാമാകട്ടെ അന്യായമായ വധത്തെ മനുഷ്യസമൂഹത്തെ ഒന്നടങ്കം വധിക്കുന്നതിന് തുല്യമായി ദർശിക്കുകയാണ് (ഖുർആൻ 5:32). അതിനാൽ അന്യായമായി ആളെ കൊല്ലുന്നവൻ സമൂ

ഹത്തിന്റെ ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കുകയാണ്; സമൂഹത്തിന്റെ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി കൊലയാളിയെ കൊല്ലണം; അവിടെയാണ് 'പ്രതിക്രിയയിൽ നിങ്ങൾക്ക് ജീവിതമുണ്ട്' (ഖുർആൻ 1:179) എന്ന പ്രഖ്യാപനം ഉജ്ജ്വലമായിത്തീരുന്നത്. വധശിക്ഷാവിരുദ്ധ പ്രസ്ഥാനം കുറ്റവാളിയുടെ 'മനുഷ്യാവകാശം'(?) ഉയർത്തിപ്പിടിക്കുന്ന പ്രതിലോമ രാഷ്ട്രീയത്തെ പ്രതിനിധീകരിക്കുമ്പോൾ ഇസ്‌ലാം സമൂഹത്തിന്റെ ജീവിതം ഉയർത്തിപ്പിടിക്കുന്ന ശിക്ഷയുടെ സർഗാത്മകത പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്.

ഇസ്‌ലാമിലെ ശിക്ഷാ സമ്പ്രദായങ്ങളെ പാശ്ചാത്യർ ക്രൂരമായി കാണുന്നത്, അവരുടെ ആധിപത്യപ്രദേശങ്ങളിൽ ദിനേന കുറ്റകൃത്യങ്ങൾ പെരുകുന്നതുപോലെ ഇസ്‌ലാമികസമൂഹത്തിലും പെരുകുമെന്ന തെറ്റായ ധാരണ കൊണ്ടാണ്. ഒരിക്കലും പ്രവർത്തനം നിലക്കാത്ത ഒരു മനുഷ്യക്കശാപ്പുശാല ഇസ്‌ലാമിലുണ്ടാകുമെന്ന് വരുത്താനാണ് അവർ ശ്രമിക്കുന്നത് (യഥാർഥത്തിൽ അതുള്ളത് ഗ്വാണ്ടനാമോയിലും അബൂഗുറൈബിലുമാണ്). എപ്പോഴും വ്യഭിചാരവും കൊലയും മോഷണവും നടക്കുന്ന ഒരു പടിഞ്ഞാറൻ അനുഭവമേ അവർക്കുള്ളൂവെന്നതാണ് ഒരു പ്രശ്നം. ധാർമിക വിപ്ലവത്തിലൂടെ സാമൂഹികതിന്മകളിൽനിന്ന് മുക്തമായ ഒരു സമൂഹത്തെയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നത്. അതുകൊണ്ടുതന്നെ വധശിക്ഷയും കല്ലേറും അടിയും കൈവെട്ടുമായി കഴിയേണ്ട ഒരവസ്ഥ ഇസ്‌ലാമിക രാഷ്ട്രം നേരിടുകയില്ല. ശിക്ഷ അനാവശ്യമായി വരുന്ന അന്തരീക്ഷത്തിനുവേണ്ടിയാണ് ഇസ്‌ലാം നിലകൊള്ളുന്നത്. തെളിവും സാക്ഷ്യവും സാഹചര്യവും ഒത്തുവന്നാൽ സമൂഹത്തിന് പാഠമാവുംവിധം, കുറ്റകൃത്യങ്ങൾ കുറക്കാൻ വേണ്ടി ശിക്ഷ നടപ്പായിക്കിട്ടണമെന്നത് സാമൂഹികമായ അവകാശമായിത്തന്നെയാണ് ഇസ്‌ലാം പരിഗണിക്കുന്നതും.

കഠിനശിക്ഷകൾ ഇസ്‌ലാം പ്രഖ്യാപിച്ചിരിക്കുന്നതു തന്നെ കുറ്റവാസന കുറച്ചുകൊണ്ടുവരാനുള്ള മനഃശ്ശാസ്ത്ര സമീപനമായിട്ടാണ്. ധാർമിക, സദാചാര വിപ്ലവം പൂർത്തീകരിക്കപ്പെട്ട സമൂഹത്തിൽ ഒരു ശിക്ഷയും നടപ്പിലാക്കേണ്ടതില്ലാത്ത അവസ്ഥയും വന്നുചേരും. ശിക്ഷാ പ്രഖ്യാപനം ഒരു താക്കീതും മുന്നറിയിപ്പുമാണ്. ഉമർ(റ) പറഞ്ഞതുപോലെ: 'വീട്ടുകാർ കാണത്തക്ക നിലയിൽ വടി കെട്ടിത്തൂക്കുക; അടിക്കേണ്ട കാര്യമില്ല, ഭീഷണിതന്നെ മതിയാവും.'

കുറ്റം തെളിഞ്ഞാൽ ശിക്ഷ നടപ്പാക്കുന്നതിൽ ഒരു ഇളവും ഇസ്‌ലാം അനുവദിക്കുന്നില്ല. തെളിഞ്ഞ കുറ്റത്തിൽ ഇളവ് നൽകി കുറ്റവാളിയോട് അനുകമ്പ കാണിക്കൽ ഇരയുടെ നീതി നിഷേധമാണ്; സത്യത്തെയും ധർമത്തെയും കുറ്റവാളിയുടെ വ്യക്തിഅവകാശ(?)ത്തിനുവേണ്ടി ചെറുതായി കാണലാണ്.

കുറ്റം സംഭവിക്കാതിരിക്കാനുള്ള സാഹചര്യം ഒരുക്കുക; കുറ്റം തെളിഞ്ഞാൽ മാത്രം ശിക്ഷിക്കുക; കുറ്റവിമുക്തനാക്കുന്നതിന് പദവിയോ ശിപാർശകളോ പരിഗണിക്കാതിരിക്കുക- ഇതാണ് ഇസ്‌ലാമിന്റെ കണിശമായ സമീപനം.

## നീതിനിർവഹണത്തിന്റെ പ്രയോഗം

നിയമം മാത്രമായിരിക്കണം നീതിപാലനത്തിന്റെ ഏക പ്രേരകമെന്ന് ഇസ്‌ലാം കരുതുന്നില്ല. വ്യക്തിയിൽ മനസ്സാക്ഷിയും സമൂഹത്തിൽ നിയമവും എന്ന ദ്വിമാന സമീപനമാണ് ഇസ്‌ലാമിന്റേത്. ഉപദേശങ്ങളിലൂടെ മനസ്സാക്ഷിയെ ഉണർത്തുന്നതോടൊപ്പം ബാഹ്യനടപടിക്രമങ്ങളും തേടുകയാണ് ഇസ്‌ലാം ചെയ്യുന്നത്. 'ഖുർആൻ കൊണ്ട് ശരിപ്പെടുത്തുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ അധികാരിയെക്കൊണ്ട് അല്ലാഹു ശരിപ്പെടുത്തുന്നു' എന്ന ഖലീഫ ഉസ്മാന്റെ നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ്.

എല്ലാ നിയമങ്ങളുടെയും പരിപാലകനും സംരക്ഷകനുമായി മനസ്സിനെയാണ് ഇസ്‌ലാം അവലംബിക്കുന്നത്. ഒട്ടേറെ സന്ദർഭങ്ങളിൽ സാക്ഷ്യത്തെ ശിക്ഷാനടപടിക്കും അവകാശസംസ്ഥാപനത്തിനും ഇസ്‌ലാം അടിസ്ഥാനമാക്കുന്നുണ്ട്. വ്യക്തിയെ വിശ്വാസത്തിലെടുക്കുന്നുവെന്നതാണ് സാക്ഷികളെ അവലംബിക്കുന്നുവെന്നതിന്റെ അർഥം.

വ്യഭിചാരം സ്ഥിരപ്പെടണമെങ്കിൽ നാല് സാക്ഷി വേണം; ഇണകൾ പരസ്പരം വ്യഭിചാരം ആരോപിച്ചാൽ 4 തവണ കോടതിക്കു മുമ്പാകെ സത്യസാക്ഷ്യനിർവഹണം നടത്തണം. അഞ്ചാമതായി കള്ളസാക്ഷ്യത്തിനെതിരെ ശാപപ്രാർഥന മൊഴിയണം. കടമിടപാടുകൾക്ക് അംഗീകാരം കിട്ടുന്നതിന് രണ്ട് സാക്ഷി വേണം, മാസപ്പിറവി പ്രഖ്യാപിക്കുന്നതിന് ഒരു സാക്ഷി വേണം, വിവാഹത്തിനും വിവാഹമോചനത്തിനും സാക്ഷികളെ ഹാജരാക്കണം. സാക്ഷിനിൽക്കൽ മഹത്കൃത്യമാണ്. കള്ളസാക്ഷി പറയൽ വൻപാപമാണ്. സാക്ഷിനിൽക്കാൻ ആവശ്യപ്പെട്ടാൽ വെറുതെ ഒഴിഞ്ഞുമാറൽ തെറ്റായ പ്രവണതയാണ്, കേസ് നടക്കുമ്പോൾ സാക്ഷ്യം പൂഴ്ത്തിവെക്കുന്നതും കൂറുമാറുന്നതും മഹാപാതകമാണ്.

വ്യക്തിവിദ്വേഷവും വംശ-കുടുംബ പരിഗണനകളും നീതിനിർവഹണത്തെ സ്വാധീനിക്കാവതല്ല. മുസ്‌ലിം-അമുസ്‌ലിം വിവേചനത്തിനും ഇസ്‌ലാമിൽ ഇടമില്ല.

"അല്ലയോ വിശ്വാസികളേ, നീതിയുടെ ധ്വജവാഹകരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ- നിങ്ങളുടെ നീതിനിഷ്ഠയുടെയും സാക്ഷ്യത്തിന്റെയും ഫലം നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനാവട്ടെ, ദരിദ്രനാവട്ടെ അല്ലാഹുവാകുന്നു നിങ്ങളിലേറെ അവരുടെ ഗുണകാംക്ഷിയായിട്ടുള്ളവൻ. അതിനാൽ തന്നിഷ്ടങ്ങളെ പിൻപറ്റി നീതിയിൽനിന്ന് അകന്നുപോകാതിരിക്കുവിൻ. വളച്ചൊടിച്ചു സംസാരിക്കുകയോ സത്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുകയാണെങ്കിൽ അറിഞ്ഞുകൊള്ളുക: നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചൊക്കെയും അല്ലാഹുവിന് വിവരമുണ്ട്" (ഖുർആൻ 4:135).

ജൂതന് നീതിനിഷേധിക്കപ്പെടുന്ന ഘട്ടം വന്നപ്പോൾ ഖുർആൻ വാക്യങ്ങൾ അവതീർണമായിട്ടുണ്ട്. സംഭവം ഇപ്രകാരമാണ്: ബനൂ സഫർ ഗോത്രത്തിലെ തുഅ്മത്തുബ്നു ഉബൈരിഖ് മറ്റൊരു മുസ്‌ലിമിന്റെ പടയങ്കി മോഷ്ടിച്ചു. തൊണ്ടിവസ്തു വാകട്ടെ ഒരു ജൂതന്റെ കൈവശം സൂക്ഷിക്കാനേൽപിക്കുകയും ചെയ്തു. അങ്കിയുടമ മുഹമ്മദ് നബി(സ)യുടെ കോടതിയിൽ കേസ് ബോധിപ്പിച്ചു. തുഅ്മത്തിനെ സംശയമുള്ളതായി പരാതിയോടൊപ്പം ബോധിപ്പിക്കുകയും ചെയ്തു. തുഅ്മത്താകട്ടെ തന്റെ കുടുംബക്കാരുമായി ഗൂഢാലോചന നടത്തുകയും ഏതൊരു ജൂതന്റെ കൈവശമാണോ പടയങ്കി സൂക്ഷിക്കാൻ ഏൽപിച്ചത് അദ്ദേഹത്തെതന്നെ കേസിൽ കുടുക്കുകയും ചെയ്തു. ജൂതൻ തന്റെ നിരപരാധിത്വം ബോധിപ്പിച്ചു. പക്ഷേ തൊണ്ടിമുതൽ ജൂതന്റെ വീട്ടിൽനിന്ന് കണ്ടെടുത്തതിനാൽ പ്രഥമദൃഷ്ട്യാ ജൂതൻ കുറ്റക്കാരനായി വിലയിരുത്തപ്പെട്ടു. അന്യായക്കാരൻ സമുദായശത്രുവാണെന്നും ജൂതനുമായി ഒത്തുകളിക്കുകയാണെന്നും കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ തുഅ്മത്തും കൂട്ടരും വിജയിച്ചു. നിരപരാധി ശിക്ഷിക്കപ്പെടുമെന്ന നില വന്നപ്പോൾ അല്ലാഹു ഇടപെടുകയും ഖുർആനിലൂടെ യാഥാർഥ്യം വെളിപ്പെടുത്തുകയും ചെയ്തു. നീതിയുടെ പ്രവാചകന്റെ നാവിൽനിന്നും അനീതിയുടെ വിധിപ്രസ്താവം വരുന്ന സാഹചര്യം അല്ലാഹു ഒഴിവാക്കിയെടുത്തു (ഖുർആൻ 4:105-115).

മുഹമ്മദ് നബിയുടെ കാലത്ത് കോടതിയുടെ ഉത്തരവാദിത്വം മുഹമ്മദ് നബിക്ക് നേരിട്ട് തന്നെയായിരുന്നു. മദീനയിലെ പള്ളി തന്നെയായിരുന്നു കോടതി മുറി. ഏതു സാധാരണക്കാരനും കോടതി മുമ്പാകെ നേരിട്ട് ഹാജരാകാനും പരാതി ബോധി

പ്പിക്കാനും നബി അവസരം നൽകിയിരുന്നു. സങ്കീർണമായ നടപടിക്രമങ്ങളൊന്നും നബിയുടെ കോടതിയിലുണ്ടായിരുന്നില്ല.

അബൂബക്റിന്റെ കാലത്ത് നീതിന്യായ നിർവഹണത്തിന്റെ ചുമതല ഉമറിനായിരുന്നു. പക്ഷേ അദ്ദേഹത്തിന് പ്രമാദമായ കേസുകളൊന്നും കൈകാര്യം ചെയ്യേണ്ടിവന്നതായി ചരിത്രരേഖകളിൽ കാണുന്നില്ല. ഉമറിന് അന്ന് 'ഖാദി' (ജഡ്ജി) എന്ന സ്ഥാനപ്പേര് നൽകപ്പെട്ടിരുന്നില്ല.

ഇസ്‌ലാമികരാഷ്ട്രത്തിൽ ഭരണവിഭാഗവും നീതിന്യായ വകുപ്പും തമ്മിൽ വേർപ്പെടുത്തിയത് ഉമറാണ്. എല്ലാ പ്രവിശ്യകളിലും അന്ന് കോടതികൾ നിലവിൽവന്നു. ശുറൈഹിനായിരുന്നു കൂഫയിലെ ചുമതല. മദീനയിൽ സൈദുബ്നു സാബിതും ഫലസ്തീനിൽ ഉബാദതുബ്നു സ്വാമിത്തും ബസ്വറയിൽ കഅ്ബും ന്യായാധിപന്മാരായി നിശ്ചയിക്കപ്പെട്ടു.

ന്യായാധിപന്മാർക്ക് അന്ന് ഉമർ(റ) നൽകിയ നിർദേശങ്ങൾ താഴെ പറയുംപ്രകാരമാണ്:

1. കക്ഷികളോടെല്ലാം തുല്യമായ നിലയിൽ പെരുമാറും.

2. വാദിയാണ് തെളിവുകൾ സമർപ്പിക്കേണ്ടത്.

3. പ്രതിയാണ് സത്യവാങ്മൂലം സമർപ്പിക്കേണ്ടത്.

4. ഒത്തുതീർപ്പിന് ഇരുകക്ഷികളും സന്നദ്ധമാവുമ്പോൾ അതിന് അവസരം നൽകണം.

5. വിധിക്കു ശേഷം വിധി ശരിയായില്ലെന്ന് ബോധ്യപ്പെട്ടാൽ പുനർവിചാരണക്ക് അവസരം നൽകണം.

6. വിചാരണാ സമയം മുൻകൂട്ടി നിശ്ചയിച്ച് പ്രഖ്യാപിക്കണം.

7. കുറ്റവാളികളുടെയും അറിയപ്പെട്ട കള്ളസാക്ഷികളുടെയും സാക്ഷ്യം പരിഗണിക്കരുത്.

8. ഖലീഫ ഉൾപ്പെടെ ഭരണാധികാരികൾക്കൊന്നും കോടതിയിൽ പ്രത്യേക പരിഗണന അനുവദിക്കരുത്. ആരെയും ജഡ്ജിക്ക് നേരിട്ട് വിചാരണ ചെയ്യാവുന്നതാണ്. ഒന്നിനും പ്രത്യേകാനുമതി ആവശ്യമില്ല.

9. ദൈവികഗ്രന്ഥത്തിൽ പറഞ്ഞ കാര്യങ്ങളിൽ ഖുർആൻ അനുസരിച്ച് വിധി പറയണം. ഖുർആനിൽ വന്നിട്ടില്ലാത്ത പ്രശ്നങ്ങളിൽ നബിചര്യ അവലംബിക്കണം. ഖുർആനിലും മുഹമ്മദ് നബിയുടെ വിധികളിലും അവലംബനീയമായ മുൻഗാമികളുടെ വിധികളിലും വന്നിട്ടില്ലാത്ത പ്രശ്നമാണെങ്കിൽ ഒന്നുകിൽ ജഡ്ജി യുക്തിചിന്തയും ഗവേഷണപാടവവും അവലംബിക്കണം. അല്ലെങ്കിൽ പ്രശ്നം കൂടുതൽ അന്വേഷണത്തിനും പഠനത്തിനുമായി നീട്ടിവെക്കണം.

ന്യായാധിപന്മാർക്ക് അക്കാലത്തെ ഏറ്റവും ഉയർന്ന ശമ്പളം നൽകിവന്നിരുന്നു. പ്രതിമാസം 500 ദിർഹമായിരുന്നു അത്. വ്യാപാരം പോലുള്ള മറ്റു സമ്പാദ്യ മാർഗങ്ങൾ ജഡ്ജിമാർക്കുണ്ടാകരുതെന്ന് വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരുന്നു. വിവാദവിഷയങ്ങളും സങ്കീർണ പ്രശ്നങ്ങളും വിദഗ്ധരുടെ സഭയിൽ ചർച്ചചെയ്ത് വിധിതീർപ്പ് കൽപിക്കുന്ന രീതിയും അന്ന് സ്വീകരിച്ചിട്ടുണ്ട്.

വ്യക്തമായ തെളിവില്ലാതെ വന്നാൽ, 'സംശയത്തിന്റെ ആനുകൂല്യം പരിഗണിച്ച് ശിക്ഷാവിധികൾ നടപ്പാക്കരുത്' എന്നത് ജഡ്ജിമാർക്കുള്ള പ്രവാചക നിർദേശങ്ങളിൽപെട്ടതാണ്. തെളിവില്ലാതെ വ്യഭിചാരക്കേസുന്നയിച്ചാൽ കേസിന്റെ ഗതി മാറുകയും പരാതിക്കാരനെ അപവാദ കേസിൽ പ്രതിചേർക്കുകയും ശിക്ഷിക്കുകയും ചെയ്യും.

'കോപാകുലനായിക്കെ ഒരു ന്യായാധിപനും രണ്ടു പേർക്കിടയിൽ വിധി പറയരുത്' എന്ന നിർദേശവും മുഹമ്മദ് നബിയുടേതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

കുറ്റവാളികളെ കുറ്റവിമുക്തരാക്കാൻ ശിപാർശകളോ ദയാഹരജികളോ ഇസ്‌ലാമിക കോടതിയിൽ സ്വീകാര്യമല്ല. ശിപാർശകരും ദയാഹരജി സമർപ്പിക്കുന്നവരും എത്ര ഉന്നതരായാലും കോടതിയത് പരിഗണിക്കുന്നതല്ല.

മഖ്സൂം ഗോത്രത്തിലെ ഒരു തറവാടിപ്പെണ്ണ് മോഷണക്കേസിൽ പിടിക്കപ്പെട്ടപ്പോൾ ഉസാമ നബിയുടെ കോടതിയിൽ ശിപാർശയുമായെത്തി. തദ്സമയം മുഹമ്മദ് നബിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു: "ഉന്നതർ മോഷണം നടത്തിയാൽ വെറുതെ വിടലും ദുർബലർ മോഷ്ടിച്ചാൽ കരം ഛേദിക്കലും ഇസ്രാഈല്യരുടെ സമ്പ്രദായത്തിൽപെട്ടതാണ്. എന്റെ പുത്രി ഫാത്വിമ മോഷ്ടിച്ചാലും ഞാനവളുടെ കരം ഛേദിക്കും."

പ്രസിഡന്റിന്റെയോ രാജാവിന്റെയോ ദയാഹരജി മുൻനിർത്തി വധശിക്ഷ ഇളവ് ചെയ്യുന്ന ഒരു സമ്പ്രദായം ഭൗതികനിയമത്തിലുണ്ട്. ഇസ്‌ലാം അത് പൂർണമായും തള്ളിക്കളഞ്ഞിരിക്കുന്നു. അതേയവസരം കൊല്ലപ്പെട്ടവന്റെ ഏറ്റവും അടുത്ത അനന്തരവന് വധശിക്ഷ ഇളവ് ചെയ്യാൻ കോടതിയോട് അഭ്യർഥിക്കാവുന്നതാണ്. സ്വമേധയാ അനന്തരവൻ അത്തരമൊരു അപേക്ഷ സമർപ്പിച്ചാൽ നഷ്ടപരിഹാരത്തുക നിശ്ചയിച്ചുകൊണ്ട് വധശിക്ഷ റദ്ദ് ചെയ്യാവുന്നതാണ്: "ഒരു കൊലയാളിയോട് അയാളുടെ സഹോദരൻ വല്ല ദയയും കാണിക്കാൻ സന്നദ്ധനായാൽ ന്യായമായ നഷ്ടപരിഹാരത്തിനുമേൽ ഒത്തുതീർപ്പാക്കാവുന്നതാണ്" (ഖുർആൻ 1:178).

കള്ളരേഖകൾ സമർപ്പിച്ച് സ്വത്ത് കൈക്കലാക്കുന്ന കുത്സിത നീക്കം പണ്ടുമുതലേ ഉള്ളതാണ്. തെളിവായി രേഖകൾ ഹാജരാക്കി, സാങ്കേതികമായി കോടതിയിൽ ജയം വരിക്കാൻ അത്തരം കൊള്ളക്കാർക്ക് പലപ്പോഴും കഴിയാറുണ്ട്. ഈ പകൽകൊള്ളക്കെതിരെ ഇസ്‌ലാമിക കോടതി ജാഗ്രത പാലിക്കുന്നതാണ്. ഖുർആൻ പറയുന്നു: "നിങ്ങളുടെ ധനം നിങ്ങളന്യോന്യം അന്യായമായി ഭുജിക്കരുത്. മനഃപൂർവം തെറ്റായ മാർഗത്തിലൂടെ അന്യരുടെ ധനത്തിൽനിന്നൊരു ഭാഗം അനുഭവിക്കുന്നതിന് ന്യായാധിപന്മാരെ സമീപിക്കുകയും അരുത്" (1:188).

ഉമർ രണ്ടാമന്റെ കോടതിയിൽ ഹിംസിലെ ഒരു അമുസ്‌ലിം പൗരൻ പരാതിയുമായി വന്നു. 'ദൈവഗ്രന്ഥമനുസരിച്ച് വിധി പറയണമെന്ന് ഞാൻ താങ്കളോട് അപേക്ഷിക്കുന്നു'- ഇതായിരുന്നു അന്യായക്കാരന്റെ അപേക്ഷ. പ്രശ്നമെന്താണെന്ന് തിരക്കിയപ്പോൾ അന്യായക്കാരൻ പറഞ്ഞു: "എന്റെ ഭൂമി വലീദിന്റെ മകൻ അബ്ബാസ് കൈയേറിയിരിക്കുന്നു." അബ്ബാസാകട്ടെ രാജകുടുംബത്തിലെ പൗരനും. കോടതി മുറിയിൽ തദ്സമയം അബ്ബാസുമുണ്ടായിരുന്നു. ഖലീഫ അബ്ബാസിനോട് വിശദീകരണം തേടി. "എനിക്കത് വലീദുബ്നു അബ്ദിൽ മലിക് പതിച്ചുനൽകിയതാണ്; എന്റെ കൈവശം 'പട്ടയ'മുണ്ട്"- ഇതായിരുന്നു അബ്ബാസിന്റെ വിശദീകരണം. അന്യായക്കാരൻ ഇങ്ങനെ പ്രതിവചിച്ചു: 'പട്ടയമനുസരിച്ചല്ല; ദൈവഗ്രന്ഥമനുസരിച്ചാണ് ഞാൻ വിധിതേടുന്നത്'. ഖലീഫ കാര്യം ഗ്രഹിക്കുകയും പട്ടയം റദ്ദാക്കുകയും ഭൂമി അന്യായക്കാരന് വിട്ടുകൊടുക്കുകയും ചെയ്തു.

വലീദുബ്നു അബ്ദിൽ മലികിന് റൗഹ് എന്ന ഒരു തെമ്മാടി പുത്രനുണ്ടായിരുന്നു. 'കൊല്ലുന്ന രാജാവിന്റെ തിന്നുന്ന മകൻ!'. പുത്രവത്സലനായ ഭരണമുഖ്യൻ മകന് ഇഷ്ടപ്പെട്ട വസ്തുക്കൾക്കെല്ലാം ആധാരം ചെയ്തുകൊടുത്തു (ആധാരങ്ങളും പട്ടയങ്ങളും ഇന്നും എന്തെളുപ്പം?). ഉമർ രണ്ടാമൻ ഖലീഫയായപ്പോൾ യഥാർഥ ഉടമകൾ പരാതിയുമായി വന്നു. 'എല്ലാറ്റിനും ആധാരങ്ങളുണ്ട്'-ഇതായിരുന്നു റൗഹിന്റെ മറുപടി. കള്ളാധാരങ്ങളും വ്യാജ പട്ടയങ്ങളും റദ്ദ് ചെയ്യാൻ ഉമർ ഒട്ടും താമസിച്ചില്ല. ഉമർ റൗഹിനോടായി ചോദിച്ചു: 'വലീദിന്റെ പട്ടയങ്ങൾക്ക് എന്തു വിലയാണുള്ളത്?' പിന്നീട് മകൻ അന്യായക്കാർക്കെതിരെ ഭീഷണിയുയർത്തി. അപ്പോൾ ഉമർ രണ്ടാമന്റെ ഉത്തരവ് സുരക്ഷാ ഉദ്യോഗസ്ഥന്മാരോട് ഇപ്രകാരമായിരുന്നു: 'റൗഹിനെ പിന്തുടരുക. അദ്ദേഹം സ്വത്ത് അവകാശികൾക്ക് വിട്ടുകൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അല്ലെങ്കിൽ റൗഹിന്റെ തലയെടുക്കുക.' നീതി നീണാൾ വാഴട്ടെ!

■